**2020 ഒക്ടോബർ 14 , വൈകിട്ട് 4.30 മണിക്ക് വീഡിയോ കോൺഫറൻസ് മുഖേന കൂടിയ പതിനൊന്നാമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>പ്രിൻസിപ്പൽ സെക്രട്ടറി,<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർമാൻ |
| 2. | ശ്രീ. എൻ പത്മകുമാർ IAS<br>പ്രിൻസിപ്പൽ ഡയറക്ടർ,<br>തദ്ദേശസ്വയംഭരണ വകുപ്പ്,<br>തിരുവനന്തപുരം | : | മെമ്പർ |
| 3. | ഡോ. പി.കെ. ജയശ്രീ IAS<br>തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ<br>(Rural), തിരുവനന്തപുരം | : | മെമ്പർ |
| 4. | ഡോ. രേണുരാജ് IAS,<br>തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ<br>(Urban), തിരുവനന്തപുരം | : | മെമ്പർ |
| 5. | ശ്രീ. അനിൽകുമാർ എസ്<br>(ധനകാര്യ സെക്രട്ടറിയുടെ പ്രതിനിധി)<br>അഡീഷണൽ സെക്രട്ടറി<br>ധനകാര്യവകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |
| 6. | ഡോ ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |
| 7. | ശ്രീ. ആർ എസ് കണ്ണൻ<br>സ്പെഷൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |

**NB:** *17/07/2020 തീയതിയിലെ സ.ഉ.(കൈ) നം.106/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യവകുപ്പ് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ തസ്തികകൾ പുനർനാമകരണം ചെയ്തത് പ്രകാരമാണ് ഹാജർ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്*

ഐറ്റം നമ്പർ -01

**28/09/2020 തീയ്യതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

28/09/2020 തീയ്യതിയിൽ നടന്ന പത്താമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. **അനുബന്ധം** (1 )

**തീരുമാനം :**

**2020** സെപ്റ്റംബർ 28 ന് നടന്ന പത്താമത് എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു

ഐറ്റം നമ്പർ : 02

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 10th EXECUTIVE COMMITTEE MEETING HELD ON 28/09/2020 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ :2<br>**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**<br>തീരുമാനം : അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റിയിൽ വിശദമായി ചർച്ച ചെയ്യുന്നതിനായി മാറ്റി വെച്ചു | 14/10/2020 തീയതിയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| ഐറ്റം നമ്പർ :3<br>**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം – പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നത് - സംബന്ധിച്ച്**<br>തീരുമാനം: KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയുണ്ടായി. കില - കിഫ്ബി പ്രൊജക്റ്റിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി | തീരുമാനപ്രകാരം KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള Tender Acceptance Committee യോഗം 01/10/2020 ന് ചേരുകയും ആയത് സംബന്ധിച്ച **വിശദമായ അജണ്ട ഐറ്റം നം.3 ആയി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.** |

| | |
|---|---|
| പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.<br><br>1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി<br>2) ഡയറക്ടർ ജനറൽ, കില<br>3) ചീഫ് മാനേജർ, കില –കിഫ്ബി PMU<br>4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്<br><br>കില കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു . | |

| ACTION TAKEN REPORT ON THE DECISION OF THE 9th EXECUTIVE COMMITTEE MEETING HELD ON 18/06/2020 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : **03**<br>**കിലയുടെ ഹോസ്റ്റലുകൾ ക്വാറന്റൈൻ ആവശ്യത്തിനായി വിട്ടുകൊടുത്തിരിക്കുന്നത് – സംബന്ധിച്ച്**<br>തീരുമാനം: കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി കില ആസ്ഥാനത്തുള്ള മൂന്നു ഹോസ്റ്റലുകളും അതോടൊപ്പം കിലയുടെ കൊട്ടാരക്കര, അഗളി എന്നീ സെന്ററുകളും ക്വാറന്റൈനായി വിട്ടുകൊടുത്ത കിലയുടെ സമയോചിതമായ പ്രവർത്തനത്തെ അഭിനന്ദിച്ചു. ക്വാറന്റൈൻ സെന്ററായതിന്റെ ഭാഗമായി കിലക്ക് വന്നിട്ടുള്ള യഥാർത്ഥച്ചെലവ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA) നിന്നും ലഭിക്കുന്നതിനുള്ള ക്ലെയിം നൽകുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. | നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാ കളക്ടറുമായി ചർച്ച ചെയ്തു. മറുപടി പ്രതീക്ഷിക്കുന്നു. |
| ഐറ്റം നമ്പർ : **04**<br>**കില –ഓൺലൈൻ കോഴ്സുകൾ/ പ്രോഗ്രാമുകൾ എന്നിവയുടെ ചെലവുകൾ വകയിരുത്തുന്നത്- സംബന്ധിച്ച്**<br>തീരുമാനം<br>i) ഇന്റർനെറ്റ് സംവിധാനം മുഖാന്തിരം നടപ്പിലാക്കുന്ന ശില്പശാലകൾ, പരിശീലനങ്ങൾ, ഫാക്കൽറ്റി/ റിസോഴ്സ് അംഗങ്ങൾക്കുള്ള വർക്ക്ഷോപ്പുകൾ, കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ, ലൈവ് സ്ട്രീമിംഗ് പ്രോഗ്രാം എന്നിവയുടെ യഥാർത്ഥ ചെലവിനമായ ഫാക്കൽറ്റി/ കോർഡിനേറ്റർമാരുടെ Time | തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചു ഇതിൻപ്രകാരം വിശദമായ നടപടിക്രമം തയ്യാറാക്കിയത് ഇതോടൊപ്പം സമർപ്പിക്കുന്നു **അനുബന്ധം (2)** |

| | |
|---|---|
| Cost കണക്കാക്കി ടി പരിപാടികളുടെ ചെലവുകൾ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചു<br>ii) Online Course കൾക്ക് Time Cost കണക്കാക്കുന്നത് പ്രായോഗിക മല്ലാത്തതിനാൽ Online Course കളിൽ പങ്കെടുക്കുന്ന ഓരോ പങ്കാളികൾക്കും ഒരു സെഷന് 100 രൂപ നിരക്കിൽ ചെലവ് തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചു<br>iii) D-Space –കിലയുടെ ഡിജിറ്റൽ റെപ്പോസിറ്ററികളിൽ നിശ്ചിത തലത്തിൽ കൂടുതൽ ഡാറ്റാകൾ ആവശ്യപ്പെടുന്ന സ്ഥാപനം/ വ്യക്തികളിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ വിധത്തിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | നൂറ് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം 22 ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുകയും അതിൽ 9 ഓൺലൈൻ കോഴ്സുകൾ പൂർത്തീകരിക്കുകയും ചെയ്തു |
| **ഐറ്റം നമ്പർ : 05**<br>**2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്– സംബന്ധിച്ച്**<br>**തീരുമാനം** : 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്യുകയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു | 23/07/2020 ന് ചേർന്ന ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച് നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നമ്പർ : 08**<br>**കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത്- സംബന്ധിച്ച്**<br>തീരുമാനം:<br>1. കിലയിൽ നിലവിലുള്ള സെന്റർ ഫോർ അർബൻ ഗവേർണൻസ് | തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ |

| | |
|---|---|
| എന്ന നാമധേയം നിലനിർത്തുക<br>2. നഗരകാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആസൂത്രണ ത്തിനപ്പുറം ഗവേർണൻസും മറ്റ് വിഷയമേഖലകളും ഉൾപ്പെട്ട ത്തേണ്ടതാണ്.<br>3. അർബൻ ചെയർ- ലേക്ക് വിദഗ്ധരെ നിയോഗിക്കു ന്നതിനുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന വിദഗ്ധരെ കൺസൾട്ടൻസി/ കരാർ രീതിയിൽ നിയോഗിക്കുവുന്ന താണെന്നും നിർദ്ദേശിച്ചു.<br>1. Urban Chair ( പ്രൊഫസർ റാങ്കിലുള്ളവർ)<br>2. Senior Urban Fellow (അസോസിയേറ്റ് പ്രൊഫസർ റാങ്കിലുള്ളവർ)<br>3. Urban Fellow ( അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ളവർ)<br>ഒരു Search committee യുടെ ശുപാർശ പ്രകാരം Urban Chair നെ നിയോഗിക്കുന്നതിനും അപേക്ഷകൾ ക്ഷണിച്ചു കൊണ്ടുള്ള നടപടി മുഖാന്തരം Senior Urban Fellow, Urban Fellow എന്നിവരെ തിരഞ്ഞെടുക്കുവാനും കില ഡയറക്ടറെ ചുമതലപ്പെടുത്തി. | അടിസ്ഥാനത്തിൽ 26/06/2020 തീയതിയിലെ സർക്കാർ ഉത്തരവ് നം.ജി.ഒ(എംഎസ്)/101/2020/തസ്വഭവ പ്രകാരം 3 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായെങ്കിലും ശമ്പള നിരക്കിലെ പിശക് തിരുത്തുന്നതിലേക്കായി 22/07/2020 തീയതി കില/2019/101/6610 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. |
| 4. പ്രൊപ്പോസൽ പ്രകാരമുള്ള തുക നഗരസഭകളിൽ നിന്നും കോർപ്പറേഷ നുകളിൽ നിന്നും ഒറ്റത്തവണയായി താഴെപ്പറയും പ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു | 31/03/2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ) 723/2020/തസ്വഭവ പ്രകാരം കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള ഫണ്ട് കിലക്ക് ലഭ്യക്കുന്നതിനുള്ള അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ |

<table>
<tr>
<td>
<table>
<tr><td>കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം<br>ഓരോ<br>കോർപ്പറേഷനും</td><td>30,00,00 രൂപ<br>(500000*6<br>nos.)</td></tr>
<tr><td>പഴയ<br>മുനിസിപ്പാലിറ്റികൾ<br>300,000 രൂപ വീതം<br>ഓരോ<br>മുനിസിപ്പാലിറ്റിയും</td><td>1,77,00,000<br>രൂപ<br>(3,00,000*59<br>nos.)</td></tr>
<tr><td>പുതിയ<br>മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം<br>ഓരോ<br>മുനിസിപ്പാലിറ്റിയും</td><td>28,00,000<br>രൂപ<br>(1,00,000*28<br>no )</td></tr>
</table>
ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില
</td>
<td>ടി തുക കിലയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിലേക്കായി 24/04/2020 ന് കില/2019/101/5292/HQ കത്ത് മുഖാന്തിരം നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 4 ലക്ഷം രൂപയാണ് ( 3 ലക്ഷം - മഞ്ചേരി മുൻസിപ്പാലിറ്റി, 1 ലക്ഷം - താനൂർ മുനിസിപ്പാലിറ്റി) 30-09-2020 വരെ ലഭ്യമായിട്ടുള്ളത്.<br><br>ആകെ 235 ലക്ഷം രൂപയാണ് ലഭ്യമാകേണ്ടത്. (കോർപ്പറേഷൻ -30 ലക്ഷം (500000*6 ) മുനിസിപ്പാലിറ്റി-177 ലക്ഷം (3,00,000*59) പുതിയ മുനിസിപ്പാലിറ്റി- 28 ലക്ഷം (1,00,000*28))</td>
</tr>
</table>

| ACTION TAKEN REPORT ON THE DECISION OF THE 8th EXECUTIVE COMMITTEE MEETING HELD ON 11/03/2020 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ** : 02<br>**തീരുമാനം:** എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിൽ എടുത്ത നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തി അതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങളും കൈക്കൊണ്ടു. | |
| 1) 05/07/2019 ലെ : **എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം ഐറ്റം നമ്പർ** : 05 കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി **Indian Institute of Information Technology and Management, Kerala (IIITMK)** എന്ന സ്ഥാപനം തയ്യാറാക്കുവാൻ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. | 20/03/2020 തിയതിയിലെ നമ്പർ KILA/2019/101/6579/HQ കത്ത് മുഖാന്തിരം HR പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമമീഷന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽഗവൺമെന്റ് കമമീഷൻ ആവശ്യപ്പെട്ട പ്രകാരം രേഖകൾ കൈമാറുകയും ചെയ്തിട്ടുണ്ട്<br>18/06/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി HR പോളിസി 2020 ജൂലായ് 30 നുള്ളിൽ ലഭ്യമാക്കുവാൻ കേരള ലോക്കൽഗവൺമെന്റ് കമ്മീഷന് നിർദ്ദേശം നൽകുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയത് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| 2) 04/01/2019 ലെ : എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം ഐറ്റം നമ്പർ : 07 ഡോ.ഉമ്മൻ ജോൺ , പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ ) വിരമിച്ച തസ്തികയിൽ മുൻ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ നിഷ്കർഷിച്ച യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താതെ Devnet. Jobs തുടങ്ങിയ e-portal ലുകൾ വഴി പുന പരസ്യം ചെയ്ത് അപേക്ഷ | തീരുമാനപ്രകാരം നടപടികൾ പൂർത്തീകരിച്ച് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. മോനിഷ് ജോസ്, ചാലക്കൽ ഹൌസ്, കോഞ്ചേരി റോഡ് പി.ഒ, തൃശ്ശൂർ ന് നിയമന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 28/07/2020 ന് കിലയിൽ അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) |

| | |
|---|---|
| സ്വീകരിച്ച് നിയമനം നടത്തുന്നതിന് തീരുമാനിച്ചു. തുടർനടപടികൾക്കായി ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. |
| ഐറ്റം നമ്പർ : 06<br>**കില ഓഡിറ്റോറിയം നവീകരണം- ഇലക്ട്രിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി- സംബന്ധിച്ച്**<br>**തീരുമാനം:** ഓഡിറ്റോറിയം നവീകരണത്തിന്റെ ഭാഗമായിട്ടുള്ള ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായ പ്രവർത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിനെ സമീപിക്കുവാൻ തീരുമാനിച്ചു. | തീരുമാനപ്രകാരം സാങ്കേതികാനുമതി തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിൽ നിന്ന് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികളുടെ നടത്തിപ്പിലേക്കുള്ള കരാറിൽ ഏർപ്പെട്ടു. |
| ഐറ്റം നമ്പർ : 07<br>**മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ .വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട)) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക- സംബന്ധിച്ച്**<br>**തീരുമാനം:** മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി, റിട്ട.അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണറുടെ പത്താം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയായി കിലയിൽ നിന്നും നൽകിയ 2,17,349 രൂപ കിലക്ക് തിരികെ ലഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഗ്രാമവികസന വകുപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ. അജയകുമാറിന് പ്രസ്തുത വകുപ്പിന്റെ കീഴിൽ തന്നെ പ്രവർത്തിച്ചിരുന്ന SIRD യും യഥാസമയം കുടിശ്ശിക തുക നൽകാതിരുന്ന പിഴവ് സംബന്ധിച്ച തുടർനടപടികൾ ഗ്രാമവികസന കമ്മീഷണറേറ്റിൽ തന്നെ കൈകാര്യം | തീരുമാന പ്രകാരം 2,17,349 രൂപ കിലക്ക് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിലേക്കായി 21.04.2020 ന് ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നല്കിയിട്ടുണ്ട്. |

| | |
|---|---|
| ചെയ്യുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശം നൽകി. | |
| **ഐറ്റം നമ്പർ : 09**<br>**കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്**<br>തീരുമാനം: കിലയിൽ ഡ്രൈവർ തസ്തികയിലേക്ക് (ഒരു തസ്തിക) താഴെപ്പറയുന്ന യോഗ്യതാ മാനദണ്ഡ പ്രകാരവും നടപടിക്രമങ്ങളിലൂടെയും നിയമനം നടത്തുവാൻ തീരുമാനിക്കുകയും തുടർനടപടികൾക്കായി കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>**Educational Qualification:**<br>• Pass in Standard X or Equivalent Qualification.<br>• Must possess a Motor Driving Licence (LDV Licence) of at least ten years standing and Driver's Badge. (The Driving Licence should be current at all stages of selection, viz, on the date of application, the last date for receipt of applications, practical test and interview).<br>• Proficiency in driving Light and Heavy Duty Motor Vehicle (To be proved at a Practical Test).<br>• Heavy Duty Motor Vehicle Driving Licence<br>**Preferable Qualifications and experience:**<br>• Training in Driving Techniques conducted by Government Institutions/Government Agencies<br>• Overseas Driving Experience<br>• Working knowledge of Hindi and English (Malayalam essential)<br>• Two years working Experinece as Driver in Govt. Instituions/Board/ Corporation/ Autonomous Body | ഡ്രൈവർ തസ്തികയിലേക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 03/06/2020 ലെ സർക്കാർ ഉത്തരവ് നം. GO(MS) 90/2020/LSGD ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപരസ്യം വഴി അപേക്ഷ ക്ഷണിച്ചതിനെ തുടർന്ന് 3639 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ടി അപേക്ഷകളുടെ യോഗ്യത തെളിയിക്കുന്ന റെക്കോർഡുകൾ കിലയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായുള്ള നിർദ്ദേശം നൽകിയതനുസരിച്ച് 1903 അപേക്ഷകൾ ആണ് ലഭിച്ചിട്ടുള്ളത്. പരീക്ഷ നടത്തുവാൻ Centre for management Studies (CMD) നെ സമീപിക്കുകയും അവർ സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| Age Limit: Maximum age limit 39 years as on 01/01/2020. Other Backward Communities and SC/ST Candidates are eligible for usual age relaxation.<br>Scale of pay : Rs. 19000-43600<br>Mode of Applying: Online.<br>Selection Process:<br>1) Shortlisting based on criteria<br>2) Written Test (if there are more candidates)<br>3) Personal Interview<br>4) Document Verification | |

| ACTION TAKEN REPORT ON THE DECISION OF THE 6th EXECUTIVE COMMITTEE MEETING HELD ON 05.07.2019 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 06<br>**കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നത്- സംബന്ധിച്ച്**<br>തീരുമാനം: കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) കില ജീവനക്കാർക്ക് ബാധകമാക്കുന്നതിന് ആവശ്യമായ നയപരമായ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br>ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാന ത്തിനായി 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കില ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ (എൽ.ടി.സി) അനുവദിക്കുന്നതിനായുള്ള അനുമതിക്കായി 09/10/2019 തീയതിയിലെ 2019/101/4081/HQ നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

## ACTION TAKEN REPORT ON THE DECISION OF THE 5th EXECUTIVE COMMITTEE MEETING HELD ON 04.01.2019

| Executive Committee Decision | Action Taken |
|---|---|
| ഐറ്റം നമ്പർ : 04<br>**കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പാക്കുന്നത് - സംബന്ധിച്ച്**<br>തീരുമാനം : കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് South Indian Bank സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചുകൊണ്ട് South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിച്ചു. ആയത് ഗവേർണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനും തീരുമാനിച്ചു.<br>ചുമതല : ഡെപ്യൂട്ടി ഡയറക്ടർ, കില | കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ 27/08/2019 ന് കൂടിയ കില ഗവേർണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം South Indian Bank മുഖാന്തിരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് അംഗീകരിക്കുകയും തുടർനടപടികൾക്കായി കില ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ South Indian Bank മായി MoU ഒപ്പുവെച്ചിരുന്നു.<br>സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാവുന്ന സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കിലക്ക് National Securites Depository Limited Central Record Keeping Agency (NSDL CRA) യിൽ നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിന് NSDL ൽ നിന്ന് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ആവശ്യമായ രേഖകൾ NSDL മുഖാന്തിരം സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. **കില ഡയറക്ടർ ജനറലിന്റെ ഈ നടപടി സാധൂകരിക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.** |

| ACTION TAKEN REPORT ON THE DECISIONS OF THE FIRST EXECUTIVE COMMITTEE HELD ON 29.08.2017 | |
|---|---|
| **Item No. 11 :Merging the Extension Training Centers with KILA – follow up** | |
| **Decision**: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br>Expedite the action from the part of Government on the request made by the Director KILA as per EC decision. | Request letter submitted to Government vide letter number 2018/101/3335 dated 28/07/2018 |

**തീരുമാനം :**

മുൻ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങളിൽ മേൽ എടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും തുടർ നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

| 18/06/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച |
|---|
| • ഐറ്റം നമ്പർ 04-കില ഓൺലൈൻ കോഴ്സുകൾ/പ്രോഗ്രാമുകൾ എന്നിവയുടെ ചെലവുകൾ വകയിരുത്തുന്നത് സംബന്ധിച്ച്<br>1) ഓൺലൈൻ കോഴ്സുകളുടെ ചെലവ് സംബന്ധിച്ച കില ഡയറക്ടർ ജനറലുടെ നടപടിക്രമം അംഗീകരിച്ചു<br>2) കില നടപ്പിലാക്കി വരുന്ന ഓൺ ലൈൻ കോഴ്സുകൾ അഭിനന്ദനാർഹമാണെന്ന അഭിപ്രായം രേഖപ്പെടുത്തി |
| • ഐറ്റം നമ്പർ 08- കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നത് സംബന്ധിച്ച് -<br>അർബൻ ചെയർ പ്രൊഫസർ, സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ തുടങ്ങിയ 3 തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ |

ജനറലിനെ ചുമതലപ്പെടുത്തി. 01/01/2020 തീയതി വെച്ച് വയസ്സ് കണക്കാക്കേണ്ടതും ഓരോ തസ്തികക്കും വേണ്ട പരമാവധി പ്രായ പരിധി താഴെക്കൊടുക്കുന്നു.

1) അർബൻ ചെയർ പ്രൊഫസർ - 50 yrs
2) സീനിയർ അർബൻ ഫെല്ലോ – 45 yrs
3) അർബൻ ഫെല്ലോ – 39 yrs

31/03/2020 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ) 723/2020/തസ്വഭവ പ്രകാരം അർബൻ ചെയർ രൂപീകരിക്കുന്നതിനാവശ്യമായ ഫണ്ട് കിലക്ക് ലഭ്യക്കുന്നതിനായുള്ള സത്വര നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (Urban) നോട് ആവശ്യപ്പെടുന്നതിനായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**11/03/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച**

- **ഐറ്റം നമ്പർ : 2-കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാർക്കുള്ള പ്രമോഷൻ പോളിസി തയ്യാറാക്കുന്നത് –സംബന്ധിച്ച്-**
  കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിൽ നിന്ന് അടിയന്തിരമായി HR പോളിസി കിലക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

- **ഐറ്റം നമ്പർ : 07 - മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ .വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട )) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക- സംബന്ധിച്ച്**
  കിലയിൽ നിന്ന് ശ്രീ. അജയകുമാറിന് നൽകിയ കുടിശ്ശിക തുക തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

- **ഐറ്റം നമ്പർ : 09 -കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്-**
  1) കില ഡയറക്ടർ ജനറലുടെ നടപടികൾ അംഗീകരിച്ചു
  2) 10 പേരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും ടി ലിസ്റ്റിന് മൂന്ന് വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കണം എന്നും തുടർന്നുള്ള ഒഴിവുകൾ ഇതിൽ നിന്നും നികത്തണമെന്നും തീരുമാനിച്ചു

**04.01.2019 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച**

- **ഐറ്റം നമ്പർ : 04 - കിലയിൽ ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പാക്കുന്നത് – സംബന്ധിച്ച്**
  കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചു

## ഐറ്റം നമ്പർ :3

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ - സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്**

28/09/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി KILA- KIIFB project - സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില - കിഫ്ബി പ്രൊജക്റ്റിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു. .

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
2) ഡയറക്ടർ ജനറൽ, കില
3) ചീഫ് മാനേജർ, കില –കിഫ്ബി PMU
4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില – കിഫ്ബി പ്രോജക്റ്റിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിക്കുകയുണ്ടായി.

കില ഡയറക്ടർ ജനറലിന്റെ 29/09/2020 ലെ കില 2019/101/6200/HQ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ടെണ്ടർ അംഗീകരിക്കുന്ന കമ്മറ്റി ആദ്യമായി ടെണ്ടർ നടത്തിയതും 29/09/2020 ൽ തുറന്ന് പരിശോധിച്ചതുമായ 42 പ്രവർത്തികളുടെ (പാലക്കാട് - 31, പത്തനംതിട്ട -2, കൊല്ലം - 9) ടെണ്ടർ **അനുബന്ധം (3)** അംഗീകരിക്കുന്നതിനായി ആദ്യ യോഗം 01/10/2020 ന് ഉച്ചക്ക് 2.00 മണിക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരം കൂടുകയും യോഗത്തിൽ സമിതിയംഗങ്ങളെല്ലാവരും പങ്കെടുത്തതിനെത്തുടർന്ന് ഉണ്ടായ തീരുമാനത്തിന്റെ **അനുബന്ധം (4)** സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

1) 42 പ്രവർത്തികളുടെ ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോഡുകളും പരിശോധിക്കുകയും ആവശ്യപ്പെട്ട റെക്കോർഡുകൾ സമർപ്പിച്ചിട്ടുള്ള L1 റാങ്കിലുള്ള കരാറുകാരുടെ ടെണ്ടറുകൾ അടങ്കൽ തുകയേക്കാളും കുറഞ്ഞ തുകക്കുള്ളത് സബ് കമ്മറ്റി ഐക്യകണ്ഠേന അംഗീകരിക്കുവാൻ തീരുമാനിച്ചു.

2) പാലക്കാട് ജില്ലയിലെ 5 പ്രവർത്തികൾക്ക് ആലത്തൂർ ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ടെണ്ടർ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഈ 5 പ്രവർത്തികൾക്കും L1 റാങ്കിലുള്ള കരാറുകരേക്കാൾ 10% വ്യത്യാസത്തിൽ സൊസൈറ്റി ടെണ്ടർ തുക സമർപ്പിച്ചിട്ടുള്ളതിനാൽ നിയമപ്രകാരം സൊസൈറ്റിക്ക് ടെണ്ടർ അംഗീകരിച്ച് നൽകാൻ സാധ്യതയുണ്ടെങ്കിലും ടി സൊസൈറ്റി അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കപ്പാസിറ്റി സർട്ടിഫിക്കറ്റ്, അവർക്ക് ഏറ്റെടുക്കുവാൻ കഴിയുന്ന പരമാവധി തുക എന്നിവ സംബന്ധിച്ചിട്ടുള്ള യാതൊരു വിധത്തിലുള്ള സർട്ടിഫിക്കറ്റുകളോ, സഹകരണ വകുപ്പുദ്യോഗസ്ഥരുടെ കത്തുകളോ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതും ആയത് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടും സൊസൈറ്റി പ്രതികരിച്ചിട്ടില്ല. ഈ പ്രവർത്തികൾക്ക് L1 റാങ്കിലുള്ളവർ സൊസൈറ്റിയുടെ തുകയേക്കാൾ കുറഞ്ഞ തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. അതിനാൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്തും രേഖകൾ സമർപ്പിക്കാത്തതിനാലും L1 റാങ്കിലുള്ള കരാറുകാർക്ക് (സൊസൈറ്റി സമർപ്പിച്ചിട്ടുള്ള ടെണ്ടറുകൾ നിരസിച്ച്) ടെണ്ടർ അംഗീകരിച്ച് നൽകുന്നതിന് കമ്മറ്റി ഐക്യകണ്ഠേന തീരുമാനിച്ചു. ഈ തീരുമാനം സർക്കാരിന് സാമ്പത്തിക ലാഭം ഉണ്ടാക്കുന്ന ഒന്നാണെന്നും കമ്മറ്റി നിരീക്ഷിച്ചു. ടെണ്ടർ അംഗീകരിച്ചതും നിരസിച്ചതിന്റെയും പട്ടിക **അനുബന്ധം- (5)** ഉള്ളടക്കം ചെയ്യുന്നു.

3) ലഭ്യമായ ടെണ്ടറുകളിൽ സിംഗിൾ ടെണ്ടർ ലഭ്യമായതും, L2 റാങ്കുകാരൻ അസാധു (Disqualify) ചെയ്യുന്ന അവസരത്തിൽ L1 റാങ്കുകാരൻ സിംഗിൾ ടെണ്ടർ ആയി പരിഗണിക്കേണ്ടി വരുന്ന ടെണ്ടറുകളും ആരും പങ്കെടുക്കാത്ത ടെണ്ടുകളും റി ടെണ്ടർ ചെയ്യുന്നതിന് കമ്മറ്റി ഐക്യകണ്ഠേന തീരുമാനിച്ചു.

4) ടെണ്ടർ തുക അടങ്കൽ തുകയേക്കാൾ കൂടിയ തുകക്ക് ക്വാട്ട് ചെയ്ത പ്രവർത്തികളുടെ ടെണ്ടർ കിഫ്ബിയും പൊതു വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടറുകൾ അംഗീകരിക്കുന്ന തിനുള്ള അനന്തര നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനും റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ട പ്രവർത്തികളുടെ റീ ടെണ്ടർ നടപടികൾ അടിയന്തിരമായി നടപ്പാക്കുന്നതിനും KILA-KIIFB PMU ചീഫ് മാനേജരെ ചുമതലപ്പെടുത്തി തീരുമാനിച്ചു

5) KPWD ഇലക്ട്രിക്കൽ ലൈസൻസ് ഹാജരാകാത്ത കരാറുകാരുടെ ടെണ്ടറുകളിൽ കരാർ ചുമത്തുന്ന സമയം KPWD Electrical License ഉം MoU ഉം ഹാജരാക്കണമെന്ന് ടെണ്ടർ അംഗീകാര കമ്മറ്റി അംഗീകരിച്ചു.

6) നിരസിച്ച ടെണ്ടറുകൾ (17 പ്രവർത്തികൾക്ക്) റി ടെണ്ടർ ചെയ്യുന്നതിന് കമ്മറ്റി ഐക്യകണ്ഠേന തീരുമാനിച്ചു.

റീ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian Express) 7/10/2020 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം കിലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യുഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി 14-10-2020 (വൈകിട്ട് 5.00 മണി) ആണ്.

**കില –കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുന്നതിനായി 01/10/2020 ന് ഉച്ചക്ക് 2.00 മണിക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരം കൂടിയ സബ്കമ്മറ്റിയുടെ തീരുമാനങ്ങൾ ക്രമവൽക്കരിക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം:**

1) **ടെണ്ടർ നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ സംബന്ധിച്ച സബ് കമ്മറ്റിയുടെ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.**
2) **42 സ്കൂളുകൾക്ക് പുറമെ 336 സ്കൂളുകളിലെ DPR കൂടി KIIFB അംഗീകരിച്ചതിനെത്തുടർന്ന് ആകെ 378 സ്കൂളുകളുടെ DPR കൾക്കാണ് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുള്ളത് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തുകയും 405 സ്കൂളുകളിൽ അംഗീകാരം ലഭിച്ചവ കിഴിച്ച് ബാക്കി 27 സ്കൂളുകളുടെ അംഗീകാരം നേടുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.**

## ഐറ്റം നമ്പർ : 4

**ഓഡിറ്റ് റിപ്പോർട്ട്: 2019-20 അംഗീകരിക്കുന്നത് സംബന്ധിച്ച്**

23/7/2020 ലെ ഗവേണിംഗ് കൗൺസിലിന്റെ അനുമതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ M/s SKV Associates, Chartered Accountants, Thrissur എന്ന സ്ഥാപനത്തിലെ ചാർട്ടേഡ് അക്കൗണ്ടൻറ്സ് പരിശോധിച്ച് ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ്സ് ആന്റ് പേയ്മെൻറ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ 12/10/2020 തീയതി ഒപ്പുവെച്ച് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുന്നതിലേക്കായി ധനകാര്യവകുപ്പിലേക്ക് 12/10/2020 തീയതി അയച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ കിലയുടെ ആകെ വരുമാനം 861.69 ലക്ഷം രൂപയും ആകെ ചെലവ് 1090.99 ലക്ഷം രൂപയുമാണ്. Depreciation തുകയായ 213.14 ലക്ഷം രൂപ അക്കൌണ്ട് ചെയ്യുന്നതിന് മുമ്പ് കിലയുടെ അധിക ചെലവ് 16.17 ലക്ഷം രൂപ ആയിരുന്നത് Depreciation അക്കൌണ്ട് ചെയ്തതിന് ശേഷം അധിക ചെലവ് 229.31 ലക്ഷം രൂപയായി. വിശദാംശം താഴെ ചേർക്കുന്നു .

| ഇനം | തുക ലക്ഷത്തിൽ |
|---|---|
| Total Income | 861.69 |
| Total expenditure before Depreciation | 877.86 |
| Excess of Expenditure over Income before depreciation | 16.17 |
| Depreciation | 213.14 |
| Total expenditure after Depreciation | 1090.99 |
| Excess of Expenditure over Income after depreciation | 229.31 |

**സർക്കാർ ധനസഹായം സംബന്ധിച്ച്**

1) 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതമായി 872.74 ലക്ഷം രൂപ 17/04/2019 ലെ സർക്കാർ ഉത്തരവ് പ്രകാരം 2515-00-003-99-36(P) Head of Account ൽ വകയിരുത്തിട്ടുള്ള (Docket No.118/2019) തുകയിൽ നിന്ന് 755.48

ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള ഉത്തരവ് 15.03.2020 ന് ലഭ്യമായെങ്കിലും ആയത് മെയ് 2020 ൽ ആണ് കിലയുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളത്.

2) 2019-20 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായ 3000 ലക്ഷം രൂപ 2740 രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാവുകയും ആദ്യ ഗഡുവായി 803 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കായി 1559.85 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കിലയിലെ വിവിധ പ്രോജക്ടുകളിൽ നിന്നും മുൻകൂർ തുകയെടുത്തത് കൂടാതെ വിവിധ ഏജൻസികൾക്ക് പരിശീലന സാമഗ്രികൾ വാങ്ങിയ വകയിലും പ്രിന്റ് ചെയ്ത വകയിലും പരിശീലനം നടത്തിയ വകയിലും ഈ ഇനത്തിൽ തുക നൽകുവാനുണ്ട്. രണ്ടാം ഗഡുവായി 925.5 ലക്ഷം രൂപ e.LAMS ൽ (Reg.13/2020) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായെങ്കിലും ടി തുക ടി സാമ്പത്തിക വർഷം കിലയ്ക്ക് ലഭിച്ചിട്ടില്ല.

3) 2019-20 സാമ്പത്തിക വർഷം കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) സംസ്ഥാന സർക്കാരിന്റെ 'Matching Contribution' ആയി 150 ലക്ഷം രൂപ ബജറ്റ് വിഹിതം ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായില്ല. ആയതിന്റെ ആദ്യ ഗഡുവായി 73.74 ലക്ഷം രൂപ ജൂലൈ 2020 ൽ ലഭിച്ചതിനെ തുടർന്ന് രണ്ടാം ഗഡു അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായി 116.63 ലക്ഷം രൂപ ടി സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ട്.

4) 2019-20 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് വിഹിതമായ 46.80 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 23.40 ലക്ഷം രൂപ ഫെബ്രുവരി 2020 ൽ ലഭിച്ചതിനെ തുടർന്ന് രണ്ടാം ഗഡു അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ കില-കൊട്ടാരക്കര സെന്ററിനുള്ള (മുൻ SIRD) സംസ്ഥാന സർക്കാരിന്റെ 'Matching Contribution' ആയി 150 ലക്ഷം രൂപയും കില ഗ്രാന്റ് ഇൻ എയ്ഡ് നോൺ പ്ലാൻ ശീർഷകത്തിലെ ബാക്കി തുകയായ 23.40 ലക്ഷം രൂപയും ചേർത്ത് ആകെ 173.40 ലക്ഷം രൂപ കിലയ്ക്ക് ലഭ്യമായിരുന്നെങ്കിൽ ആകെ വരുമാനം 861.69 ലക്ഷം രൂപ എന്നത് 1035.09 ലക്ഷം രൂപ ആകുമായിരുന്നു. ആയതിനെ തുടർന്ന് അധിക ചെലവും കുറയുമായിരുന്നു.

മുൻ വർഷങ്ങളിലെ Capital Work in Progress എന്ന ശീർഷകത്തിൽ ഉണ്ടായിരുന്ന 718.68 ലക്ഷം രൂപ അതാത് ആസ്തികളിലേക്ക് അക്കൗണ്ട് ചെയ്തത് capitalize ചെയ്തതിനെ തുടർന്ന് 2019-20 സാമ്പത്തിക വർഷത്തിൽ Depreciation ഇനത്തിൽ 71.87 ലക്ഷം രൂപയുടെ അധിക ചെലവ് രേഖപ്പെടുത്തുകയുണ്ടായി.

2019-20 സാമ്പത്തിക വർഷത്തിലെ കിലയുടെ വരവ് ചെലവ് കണക്കുകളുടെ രത്നച്ചുരുക്കം താഴെകൊടുക്കുന്നു

(തുക ലക്ഷത്തിൽ)

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | **INCOME:** | | | |
| **1** | **Income from training Programme** | **516.13** | **493.25** | **5%** |
| | **KILA HQ** | | | |
| | Administrative charges collected | 215.97 | 217.76 | |
| | Faculty and staff time | 12.83 | 5.51 | |
| | Course Fee collected (PGD Gender Local Governance & CFLG) | 0.44 | 1.59 | |
| | Room rent & rent training equipment's | 285.90 | 268.06 | |
| | **KILA Kottarakkara centre** | | | |
| | Administration Charges/Mess & Hoste Fee | 1.00 | 0.33 | |
| **2** | **By Grant from Government -Non Plan Fund** | **239.42** | **417.06** | **(43%)** |
| | **KILA HQ** | | | |
| | Non Plan Fund (Govt of Kerala) | 23.40 | 22.00 | |
| | **KILA Kottarakkara centre** | | | |
| | Recurring Grant (Govt of India) | 116.63 | 199.01 | |
| | Recurring Grant (Govt of Kerala) | 0.00 | 145.00 | |
| | Additional Grant for functioning of KILA CHRD | 50.00 | 0.00 | |
| | Development of Centres handed over to KILA | 49.39 | 51.05 | |
| **3** | **Interest from bank** | **68.04** | **87.03** | **(22%)** |
| | KILA HQ | 59.22 | 77.96 | |
| | KILA Kottarakkara centre | 8.82 | 9.07 | |
| **4** | **Other Income** | **38.10** | **113.46** | **(66%)** |
| | **KILA HQ** | | | |
| | Accredited Agencies-Processing Fee | 0.20 | 0.90 | |
| | Consultancy & other income | 17.44 | 17.32 | |
| | Fee for right information | 0.01 | 0.02 | |
| | Tender forms & Photostat charges | 4.44 | 6.61 | |
| | Income From Sale of Vehicle | 0.50 | 0.00 | |
| | Quarters rent | 2.65 | 2.42 | |

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | Rent EDII | 1.07 | 0.98 | |
| | **KILA Kottarakkara centre** | | | |
| | Miscellaneous Income | 11.34 | 84.95 | |
| | Cost of Tender Forms | 0.04 | 0.00 | |
| | Sale of Scrap | 0.05 | 0.09 | |
| | Quarters Rent | 0.37 | 0.16 | |
| | **TOTAL INCOME** | **861.69** | **1110.79** | **(23 %)** |
| | **EXPENSES:** | | | |
| **1** | **Administration Expenses** | **652.36** | **716.68** | **(9%)** |
| | **KILA HQ** | | | |
| | Pay and Allowances | 411.70 | 458.88 | |
| | Travelling allowances | 4.33 | 4.99 | |
| | Advertisement expenses | 1.67 | 3.10 | |
| | Audit fee | 1.46 | 1.46 | |
| | Security service charges | 23.45 | 21.77 | |
| | Legal charges & Professional Charges | 0.58 | 0.55 | |
| | Housekeeping of SAS | 5.91 | 5.97 | |
| | Recruitment Expenses | 3.22 | 2.87 | |
| | **KILA Kottarakkara centre** | | | |
| | Salary & Allowances-Core Faculty | 66.41 | 84.62 | |
| | Salary & Allowances-Staff | 127.41 | 126.20 | |
| | Travelling Expenses-Staff | 1.07 | 0.90 | |
| | Subscriptions & Periodicals | 0.29 | 0.33 | |
| | Electricity & Water Supply Expenditure | 4.86 | 5.05 | |
| **2** | **Office Expenses** | **50.37** | **64.18** | **(21%)** |
| | **KILA HQ** | | | |
| | Maintenance - Vehicles | 3.74 | 6.48 | |
| | Electricity Charges | 19.95 | 23.32 | |
| | GC / EC Meeting Expenses | 0.24 | 0.60 | |
| | Postage ,Telephone & Internet charges | 3.75 | 9.22 | |
| | KILA Integration Expenses | 7.25 | 8.32 | |
| | Trivandrum Regional Centre Exps | 7.70 | 7.80 | |

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| | **KILA Agali Centre** | | | |
| | Vehicle Maintenance- | 0.48 | 0.83 | |
| | Electricity Charges | 2.67 | 2.98 | |
| | Telephone Charges | 0.03 | 0.09 | |
| | **KILA Kottarakkara centre** | | | |
| | Postage and Courier Charge | 0.01 | 0.01 | |
| | Printing & Stationary | 1.27 | 2.22 | |
| | Telephone Charges | 0.12 | 0.18 | |
| | Advertisement Expenses | 2.99 | 1.81 | |
| | Miscellaneous Expenses | 0.17 | 0.32 | |
| **3** | **Training Expenses** | 95.38 | 87.85 | |
| | **KILA HQ** | | | |
| | Honorarium and T.A | 1.16 | 1.09 | |
| | KILA Journal | 0.79 | 0.59 | |
| | Printing and Stationary/Training Materials | 8.76 | 5.46 | |
| | Bed Sheet, Pillow Cover, Etc. | 0.00 | 2.96 | |
| | Washing Charges | 5.32 | 4.26 | |
| | Cable Connection Expenses | 2.86 | 1.39 | |
| | Mess expense | 15.34 | 12.40 | |
| | Photo & Recreation expense | 0.36 | 0.11 | |
| | Vehicle charges | 8.09 | 4.94 | |
| | Field Visit Expenses | 5.54 | 2.73 | |
| | **KILA Kottarakkara centre** | | | |
| | Honorarium and T.A | 5.90 | 18.87 | |
| | Stationary | 0.18 | 0.13 | |
| | Cable Connection Charges CHRD | 0.09 | 0.18 | |
| | Cleaning Expenses/ Washing charges -Hostel CHRD | 1.09 | 1.12 | |
| | Mess Expenses CHRD | 30.36 | 23.66 | |
| | Field Visit Expenses | 0.08 | 0.02 | |
| | Training Expenses -Programme Expenses | 9.47 | 7.94 | |

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| 4 | **Other Expenses** | **79.74** | **110.64** | **(28%)** |
| | **KILA** | | | |
| | Bank Charges | 0.75 | 1.53 | |
| | Building Tax & water charges | 0.44 | 2.87 | |
| | Membership fee & Mementos | 0.06 | 0.59 | |
| | Newspaper and Periodicals | 1.67 | 4.01 | |
| | Repairs & Maintenance* | 13.50 | 50.41 | |
| | Uniform | 0.20 | 0.27 | |
| | Accredited Agencies Expenses | 0.28 | 0.69 | |
| | Exhibition | 4.45 | 2.42 | |
| | Inspection Fee | 0.27 | 0.89 | |
| | KILA Day Expenses | 0.65 | 0.73 | |
| | Covid 19 Expenses | 0.39 | 0.00 | |
| | KIIFB Project Expenses | 0.11 | 0.00 | |
| | **KILA Kottarakkara centre** | | | |
| | Fuel vehicle | 3.98 | 7.40 | |
| | Insurance Vehicle | 1.08 | 0.81 | |
| | Repair & maintenance Vehicle | 2.42 | 2.41 | |
| | Repair & maintenance Equipment's | 2.68 | 1.78 | |
| | Repair & maintenance others | 2.25 | 2.02 | |
| | Repair & maintenance Building | 1.95 | 0.80 | |
| | **KILA Agali Centre** | | | |
| | Repair & maintenance | 9.73 | 4.56 | |
| | Daily Wage | 23.91 | 22.19 | |
| | Security Service Charges | 8.81 | 4.19 | |
| | News Paper & Periodicals | 0.16 | 0.08 | |
| | **TOTAL EXPENSES( before depreciation)** | **877.86** | **979.35** | **(10%)** |
| | **Excess of Expenditure over Income before depreciation/ (Income over expenditure before depreciation)** | **16.17** | **(131.44)** | |
| 5 | **Depreciation** | **213.14** | **124.26** | **71%** |

| Sl No | Particulars | Current year 2019-20 (Rs. in lakhs) | Previous year 2018-19 (Rs. in lakhs) | % Increase /(Decrease) compared to P.Y |
|---|---|---|---|---|
| 6 | Excess of Expenditure over Income after depreciation/ (Income over expenditure before depreciation) | 229.31 | (7.19) | |
| | TOTAL | 1090.99 | 1096.41 | |

2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടും ശുപാർശയോടും കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആയതിനാൽ 2019 - 20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും അനുബന്ധം (6) എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം:**

2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗവേർണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു.

1) ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ആയതിന്റെ വിശദമായ റിപ്പോർട്ട് സഹിതം ഗവേർണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.
2) കിലയുടെ 2019-20 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച ഒരു പവർ പോയിന്റ് തയ്യാറാക്കി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നതും ഓഡിറ്റർ സന്നിഹിതനായിരിക്കുന്നതും ഉചിതമായിരിക്കും. എന്ന് അഭിപ്രായപ്പെട്ടു
3) 2009-10 സാമ്പത്തിക വർഷം വരെ സർക്കാർ ധനസഹായം ധനവകുപ്പിൽ നിന്ന് നേരിട്ട് കിലക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ 2010-11 സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരമാണ് ധനസഹായം കിലക്ക് ലഭ്യമാകുന്നത്. ധനസഹായം കിലക്ക് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ധന വകുപ്പിൽ നിന്ന് നേരിട്ട് തുക കില ഡയറക്ടർ ജനറലുടെ ട്രഷറി അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു.

ധനവകുപ്പുമായി ബന്ധപ്പെട്ട് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്യു.

4) സർക്കാരിൽ നിന്നുള്ള ധനസഹായം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ലഭിക്കുന്നതിനാവശ്യമായ സഹായം ധനകാര്യ വകുപ്പ് പ്രതിനിധിയുടെ സഹായത്താൽ നേടിയെടുക്കുന്നതിന് നടപടി കൈക്കൊള്ളാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുകയും ചെയ്യു.

## ഐറ്റം നമ്പർ : 5

**കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയത് – സംബന്ധിച്ച്**

17.12.2019ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം നിലവിൽ കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള (മുൻ അഹാഡ്സ് CCPRM ലെ വാഹനങ്ങൾ) പ്രവർത്തന ക്ഷമതയുള്ള വാഹനങ്ങൾ മറ്റ് ഓഫീസ് ഉപയോഗത്തിന് ആവശ്യമെങ്കിൽ നൽകാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ഈ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ അറിയിച്ചിരുന്നു. ആയത് പ്രകാരം KL 09 H 6687- (ബുള്ളറ്റ്), KL 09 F 8468 (മഹീന്ദ്ര അർമാഡ) എന്നീ രണ്ട് വാഹനങ്ങൾ കില തളിപ്പറമ്പ് സെന്റിലേക്കും, KL-11- F-9304(ടാറ്റാ സുമോ), , KL-09 H-328 (കാലിബർ) എന്നീ രണ്ട് വാഹനങ്ങൾ ഗ്രാമവികസന വകുപ്പ് കമ്മീഷണർക്കും കൈമാറാൻ കില ഡയറക്ടർ ജനറൽ ഉത്തരവ് നൽകുകയുണ്ടായി.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി രൂപവൽക്കരിച്ച അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ കീഴിലുള്ള അഞ്ച് ഫാമുകളുടെ ഉപയോഗത്തിന് പരിമിതമായ വാഹന സൗകര്യങ്ങളാണ് നിലവിലുള്ളത് എന്നും ആയതിനാൽ അഹാഡ്സിന്റെ ഉപയോഗത്തിലിരുന്നതും ഇപ്പോൾ അഗളി കില കാമ്പസിൽ സൂക്ഷിച്ചു വരുന്നതുമായ താഴെ പറയുന്ന 5 വാഹനങ്ങൾ ആവശ്യപ്പെട്ട പ്രകാരം ജില്ലാ കളക്ടർ ചെയർമാനും ഒറ്റപ്പാലം സബ് കളക്ടർ മാനേജിംഗ് ഡയറക്ടറുമായ അട്ടപ്പാടി ഫാമിംഗ് കോപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറാൻ കില ഡയറക്ടർ ജനറൽ ഉത്തരവ് നൽകുകയുണ്ടായി.

1) KL 09 H 6722- Jeep Maheendra
2) KL 09 J 5073- Ambassador Car
3) KL 09 H 6685- Royal Enfield Bullet
4) KL 09 H 6689- Royal Enfield Bullet
5) KL 09 G 4739- Royal Enfield Bullet

**കില ഡയറക്ടർ ജനറലിന്റെ ഈ നടപടി അംഗീകാരത്തിനായി എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയുടെ അധീനതയിലുള്ള മുൻ അഹാഡ്സിലെ വാഹനങ്ങൾ കൈമാറിയ കില ഡയറക്ടർ ജനറലുടെ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. ഇനിയും വാഹനങ്ങൾ ഉണ്ടെങ്കിൽ ആറളം ഫാർമിംഗ് കോർപ്പറേഷന് നൽകുവാനും തീരുമാനിച്ചു**

ഐറ്റം നം. 6

**കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് - സംബന്ധിച്ച്**

കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന കില ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് അവർക്കായി ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി തയ്യാറാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും F&AO, AD (Admin), AD(Trg), PS to DG എന്നിവരെ മെമ്പറാക്കിക്കൊണ്ടും ഒരു 'സബ് കമ്മറ്റി' കില ഡയറക്ടർ ജനറൽ രൂപീകരിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം കില ഹെഡ്ക്വാർട്ടേഴ്സിലെയും കൊട്ടാരക്കര പ്രാദേശിക കേന്ദ്രത്തിലെയും സ്ഥിരം/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന 54 ജീവനക്കാരേയും അവരുടെ കുടുംബാംഗങ്ങളേയും (ഡാറ്റ ലഭ്യമാക്കിയത് പ്രകാരം) ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ഒന്ന്, രണ്ട്, മൂന്ന് ലക്ഷം രൂപ വീതമുള്ള 3 സ്കീം പ്രൊപ്പോസലുകളാണ് SBI സമർപ്പിച്ചത്. പ്രസ്തുത പ്രൊപ്പോസലുകൾ 14/08/2020 ന് ചേർന്ന കമ്മറ്റി പരിശോധിക്കുകയും പ്രതിവർഷം രണ്ട് ലക്ഷം രൂപയുള്ള ഫാമിലി ഫ്ലോട്ടർ സ്കീമിന്റെ പ്രീമിയം തുക പൂർണ്ണമായും കില അടച്ചുകൊണ്ട് പദ്ധതിയുടെ ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി കില ഡയറക്ടർ ജനറൽ മുമ്പാകെ കമ്മറ്റി ശുപാർശ സമർപ്പിച്ചു. വിവിധ പദ്ധതികളുടേയും ആയതിന്റെ പ്രീമിയത്തിന്റേയും വിശദാംശം ചുവടെച്ചേർക്കുന്നു.

| 1 | **Premium for Rs. 1 Lakh** | **Rs** | **Policy Type** |
|---|---|---|---|
| a | Total Sum Insured | 54,00,000 | |
| b | Total Premium Payable (Including Tax) | 1,59,022 | Individual |
| c | Total Premium Payable (Including Tax) | 3,12,861 | Family Floater |
| **2** | **Premium for Rs. 2 Lakh** | | |
| | Total Sum Insured | 1,08,00,000 | |
| a | Total Premium Payable (Including Tax) | 2,48,038 | Individual |
| c | Total Premium Payable (Including Tax) | 4,69,573 | Family Floater |
| **3** | **Premium for Rs. 3 Lakh** | | |
| | Total Sum Insured | 1,62,00,000 | |
| a | Total Premium Payable (Including Tax) | 2,68,922 | Individual |
| c | Total Premium Payable (Including Tax) | 5,08,969 | Family Floater |

കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള 2 ലക്ഷം രൂപയുടെ (ഫാമിലി ഫ്ലോട്ടർ)സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രതിവർഷം 4,69,573 രൂപ പ്രീമിയമായി അടക്കേണ്ടതുണ്ട്. ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ജീവനക്കാർക്ക് ഉറപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നത് സംബന്ധിച്ചും പ്രീമിയം തുക അടക്കുന്നത് സംബന്ധിച്ചുമുള്ള തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഇൻഷുറൻസ് പ്രീമിയം തുകയുടെ 75% കിലയും 25% ജീവനക്കാരും അടക്കുന്നത് സംബന്ധിച്ച തീരുമാനം ജീവനക്കാരുമായി ചർച്ച ചെയ്യുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. അതോടൊപ്പം സമഗ്ര ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യം 01/01/2020 ന് 5 വർഷമോ അതിൽ കൂടുതലോ കാലയളവിലോ തുടർച്ചയായി കിലയിൽ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് കൂടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതിനും നിർദ്ദേശിച്ചു.

ഐറ്റം നമ്പർ : 7

**മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് – സംബന്ധിച്ച്**

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കം ഉള്ളതും മതിയായ സൌകര്യം ഇല്ലാത്തതുകൊണ്ട് ഓഫീസിന്റെ പുറകുവശത്ത് കേരള വാട്ടർ അതോറിറ്റിയുടെ 3 ലക്ഷം ലിറ്റർ ജലസംഭരണ ശേഷിയുള്ള ടാങ്ക് സ്ഥിതി ചെയ്യുന്നതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം സാധ്യമാവാത്ത അവസ്ഥയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വേറെ സ്ഥലം ഇല്ല എന്നും തദ്ദേശസ്വയംഭരണ സ്ഥാപന പരിശീലന ഗവേഷണ സ്ഥാപനമായ കില സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് എന്ന നിലയിൽ മാതൃകാപരമായ പുതിയ ഓഫീസ് പഞ്ചായത്ത് കെട്ടിടം പണിയുന്നതിന് കിലയുടെ വികസനത്തിനായി സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിന്നും 30 സെന്റ് സ്ഥലം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് അനുവദിക്കുവാൻ ബഹുമാനപ്പെട്ട സർക്കാരിനോട് അപേക്ഷിക്കുന്നതിന് കില ഡയറക്ടർ ജനറലിന് ഒരു അപേക്ഷ 05/10/2020 തീയതിയിലെ എ2/Pre/103/2020 നമ്പർ കത്ത് മുഖാന്തിരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സമർച്ചിരിക്കുന്നു.

**മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് പഞ്ചായത്ത് കെട്ടിടം പണിയുന്നതിന് കിലയുടെ വികസനത്തിനായി സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിന്നും 30 സെന്റ് സ്ഥലം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിനായുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ അപേക്ഷ അനുബന്ധം (7) തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**<u>തീരുമാനം:</u>**

**പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് നടപടി ക്രമങ്ങളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ : 8

**കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നത് - സംബന്ധിച്ച്**

ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി കില കരാറിൽ ഏർപ്പെട്ടതിന്റെ ഭാഗമായി വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അതത് നിലയ്ക്ക് യോഗ്യതയുള്ള വിദഗ്ധരെ നിയോഗിക്കേണ്ടിവരുന്നുണ്ട്.

കിലയുടെ MoA യുടെ ഖണ്ഡിക 8(4) പ്രകാരം കിലയിലെ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിദഗ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ വിശദാംശവും വേതനവും അടങ്ങിയ പ്രോട്ടോകോൾ കില ഡയറക്ടർ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.. ആയത് പ്രകാരം ഡയറക്ടർക്ക് വിദഗ്ധരെ നിയോഗിക്കുന്നതിനും പരമാവധി ഒരു ലക്ഷം രൂപ വരെ മാസ വേതനം/ഫീസ്/ഓണറേറിയം നൽകുന്നതിനും അധികാരപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് ആയത് പുതുക്കണമെന്നും നിഷ്കർച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ തയ്യാറാക്കുകയും ആയത് 2019 ജൂലായ് 05 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള വിദഗ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ **(അനുബന്ധം (8) 2020-21 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കി അംഗീകാരം ലഭ്യമാകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

1) വിദഗ്ധർ /കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ 2020-21 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കി നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു
2) വിദഗ്ധർ /കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോളിലെ കാറ്റഗറി 'A' വിഭാഗത്തിൽപ്പെടുന്ന വിദഗ്ധർ /കൺസൾട്ടന്റിന് IIT, IIM എന്നീ സ്ഥാപനങ്ങളിൽ നൽകി വരുന്ന നിലവിലെ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഒരു താരതമ്യ പഠനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

## ഐറ്റം നമ്പർ : 9

**കില കൊട്ടാരക്കര സിഎച്ച്ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം-സംബന്ധിച്ച്**

23/01/2019 ന് ചേർന്ന രണ്ടാമത് ഗവേണിംഗ് കൌൺസിൽ തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ ഉത്തരവ് പ്രകാരം കില കൊട്ടാരക്കര സിഎച്ച്ആർഡി യിൽ കിലയുടെ അധീനതയിലുള്ള ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിനെ തുടർന്ന് 39 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 1,13,87,020 രൂപ 30-09-2020 വരെ കിലയിൽ ലഭ്യമായിട്ടുണ്ട്. തുക ലഭ്യമായതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം (9)** ആയി ഉള്ളടക്കം ചെയ്യുന്നു.

27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ ഉത്തരവ് പ്രകാരം ബാക്കി 3,42,12,980 രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഇനിയും കിലക്ക് ലഭ്യമാവേണ്ടതുണ്ട്.

ഹോസ്റ്റൽ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി കെട്ടിടത്തിന്റെ വിശദമായ estimate കൊട്ടാരക്കര ബ്ലോക്ക് Asst.Executive Engineer തയാറാക്കുയും Structural design തയാറാക്കുന്നതിനായി കൊല്ലം TKM എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചിരിക്കുകയാണ്. structural design ലഭ്യമാകുന്ന മുറക്ക് സാങ്കേതികനുമതിക്കായി ചീഫ് എഞ്ചിനീയർ,LSGD സമർപ്പിക്കുന്നതാണ്. സാങ്കേതികനുമതി ലഭിക്കുന്ന മുറക്ക് തുടർനടപടികൾ കൈക്കൊള്ളാവുന്നതാണ്.

**മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**തീരുമാനം**

1) **കില സിഎച്ച്ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തുകയും കില ഡയറക്ടർ ജനറലുടെ നടപടികൾ സാധൂകരിക്കുകയും ചെയ്തു.**
2) **നിർമ്മാണ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം ലഭ്യമാക്കുന്നതിനായുള്ള സത്വര നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി .**

ഐറ്റം നമ്പർ : 10

**പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സറായ ഡോ. പീറ്റർ എം. രാജ് സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്**

ഡോ. പീറ്റർ എം രാജ്, 23.06.2004 മുതൽ കിലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ (പഞ്ചായത്തിരാജ്) തസ്തികയിൽ 8000-275-13500 ശമ്പള സ്കെയിലിൽ 8000/- രൂപ അടിസ്ഥാനശമ്പളത്തിൽ കിലയിൽ ജോലിയ്ക്ക് പ്രവേശിച്ചു. 12.2.2015 ലെ G.O(MS) No.27/2015/LSGD സർക്കാർ ഉത്തരവ് പ്രകാരം 01.01.2006 മുതൽ ഈ തസ്തികകളിലേക്ക് ഉൾപ്പടെ യു.ജി.സി ശമ്പളപരിഷ്കരണവും career advancement തുടങ്ങിയ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചു. തുടർന്ന് സർവ്വീസ് കൺസൾട്ടന്റ് ആയ പ്രൊഫ.കെ.എസ്.ജയചന്ദ്രൻ, റിട്ട.പ്രിൻസിപ്പൽ, ശ്രീ കേരള വർമ്മ കോളേജ് നൽകിയ fixation statement പ്രകാരം താഴെ പറയുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ഇവർക്ക് നൽകി.

1) Award of four advance increments under Fifth UGC scheme at the time of joining with PhD and its arrears from the date of joining at KILA 23.06.2004
2) Fixation of pay consequent of pay under sixth UGC scheme with effect from 1.1.2006 (15600-39100 + AGP 6000)
3) Fixation of pay due to promotion w.e.f 23.6.2008 as Assistant Professor with AGP 7000 (15600-39100 + AGP 7000)
4) Fixation of pay due to further promotion w.e.f 23.6.2013 as Assistant Professor with AGP 8000 (15600-39100 + AGP 8000)

സർക്കാർ ഉത്തരവ് G.O (P) No.58/2010/H.Edn dated 27.3.2010 (revision of pay of UGC ) പാര 6.1.12 പ്രകാരം (Assistant Professor completing 3 years of teaching in the AGP of Rs.8000 shall be eligible , subject to other conditions, that may be prescribed by the UGC and the University, to move to the Pay band of Rs.37400-67000 with AGP 9000 and to be designated as Associate Professor)ഡോ.പീറ്റർ എം രാജ് അസിസ്റ്റന്റ് പ്രൊഫസ്സറായി മൂന്ന് വർഷം പൂർത്തിയായ 22.06.2016 മുതൽക്ക് pay band of Rs.37400-67000 with AGP 9000 നൽകിയത് പ്രകാരം അസോസിയേറ്റ് പ്രൊഫസ്സറായി തുടർന്ന് വരുന്നു.

പ്രൊഫസ്സർ തസ്തികയിലേക്ക് പ്രൊമോഷൻ 23.06.2019 മുതൽ പ്രൊമോഷൻ ആവശ്യപ്പെട്ട് ഡോ.പീറ്റർ എം രാജ് 24/7/2019 ന് അപേക്ഷ നൽകിയിട്ടുണ്ട്.

As per G.O. (P) No. 58/2010/H.Edn dated 27.3.2010 (revison of pay of UGC staff) para 6.1.13 (Para 56), *Associate Professor completing 3 years of service in the AGP of Rs. 9000 and possessing a*

*Ph.D.degree in the relevant discipline shall be eligible to be appointed and designated as Professor, subject to other conditions of academic performance as laid down by the UGC and if any by the university. No teacher other than those with a Ph.D. shall be promoted, appointed or designated as Professor. The Pay Band for the post of Professors shall be Rs.37400-67000 with AGP of Rs. 10000.*

ഡോ.പീറ്റർ.എം.രാജ് (പഞ്ചായത്തിരാജ്) with AGP 9000 22/06/2019 ന് അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടുണ്ട്.

പ്രൊഫസ്സർ തസ്തികയിലേക്ക് പ്രൊമോഷൻ ആവശ്യപ്പെട്ടുള്ള ഡോ.പീറ്റർ എം രാജിന്റെ അപേക്ഷ 11.03.2020 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും *കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവന വ്യവസ്ഥ, പ്രൊമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR)പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോളിസി രൂപീകരിക്കുന്നതിനനുസൃതമായി ടി വിഷയത്തിന്റെ നടപടികൾ പൂർത്തീകരിക്കുവാൻ കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമാവുകയും* ചെയ്തിട്ടുള്ളതാണ്.

കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷന് HR പോളിസി തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ കൈമാറുകയും തുടർനടപടികളുടെ ഭാഗമായി ചർച്ചകളും നടക്കുന്നുണ്ട്. എന്നാൽ പോളിസി തയ്യാറാക്കി അംഗീകാരം ലഭ്യമാവുന്നതിന് കാലതാമസം നേരിടാൻ സാധ്യത കാണുന്നു. ഡോ.പീറ്റർ.എം.രാജ് 24/7/2019 തീയതിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന് മുമ്പായിരുന്നു അദ്ദേഹത്തിന്റെ അപേക്ഷ. **ഈ കാലതാമസം പരിഗണിച്ച് തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**പ്രൊഫസർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് ഡോ. പീറ്റർ എം രാജ് സമർപ്പിച്ച അപേക്ഷ HR പോളിസി ലഭ്യമാകുന്നത് പ്രകാരം പരിഗണിക്കുവാൻ തീരുമാനിച്ചു. കേരള ലോക്കൽഗവൺമെന്റ് കമമീഷനിൽ നിന്ന് HR പോളിസി അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ :11

**പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സർമാരായ ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവരുടെ അപേക്ഷ - സംബന്ധിച്ച്**

ഡോ.ജെ.ബി.രാജൻ, 02.06.2005 മുതൽ കിലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ (പ്ലാനിംഗ് മാനേജ്മെന്റ് & ഡവലപ്പ്മെന്റ്) തസ്തികയിലും ഡോ.എബി ജോർജ്ജ് 10.06.2005 ൽ അസിസ്റ്റന്റ് പ്രൊഫസ്സർ (ലോക്കൽ അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ 8000-275-13500 ശമ്പള സ്കെയിലിൽ 8000/- രൂപ അടിസ്ഥാനശമ്പളത്തിൽ കിലയിൽ ജോലിയ്ക്ക് പ്രവേശിച്ചു. 12.2.2015 ലെ G.O(MS) No.27/2015/LSGD സർക്കാർ ഉത്തരവ് പ്രകാരം 01.01.2006 മുതൽ ഈ തസ്തികകളിലേക്ക് ഉൾപ്പടെ യു.ജി.സി ശമ്പളപരിഷ്കരണവും career advancement തുടങ്ങിയ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചു. തുടർന്ന് സർവ്വീസ് കൺസൾട്ടന്റ് ആയ പ്രൊഫ.കെ.എസ്.ജയചന്ദ്രൻ, റിട്ട.പ്രിൻസിപ്പൽ, ശ്രീ കേരള വർമ്മ കോളേജ് നൽകിയ fixation statement പ്രകാരം താഴെ പറയുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ഇവർക്ക് നൽകി.

ഡോ.ജെ.ബി.രാജൻ

1. Award of four advance increments under Fifth UGC scheme at the time of joining with PhD and its arrears from the date of joining at KILA 02.06.2005

2. Fixation of pay consequent of pay under sixth UGC scheme with effect from 01.01.2006 (15600-39100+AGP 6000)

3. Fixation of pay due to promotion w.e.f 02.06.2009 as Assistant Professor with AGP 7000 (15600-39100+AGP 7000)

4. Fixation of pay due to further promotion w.e.f 02.06.2014 as Assistant Professor with AGP 8000 (15600-39100+AGP 8000)

ഡോ.എബി ജോർജ്ജ്

1. Award of four advance increments under Fifth UGC scheme at the time of joining with PhD and its arrears from the date of joining at KILA 10.06.2005

2. Fixation of pay consequent of pay under sixth UGC scheme with effect from 01.01.2006 (15600-39100+AGP 6000)

3. Fixation of pay due to promotion w.e.f 10.06.2009 as Assistant Professor with AGP 7000 (15600-39100+AGP 7000)

4. Fixation of pay due to further promotion w.e.f 10.06.2014 as Assistant Professor with AGP 8000 (15600-39100+AGP 8000)

സർക്കാർ ഉത്തരവ് G.O (P) No.58/2010/H.Edn dated 27.3.2010 (revision of pay of UGC ) പാര 6.1.12 പ്രകാരം (Assistant Professor completing 3 years of teaching in the AGP of Rs.8000 shall be eligible , subject to other conditions, that may be prescribed by the UGC and the University, to move to the Pay band of Rs.37400-67000 with AGP 9000 and to be designated as Associate Professor)ഡോ.ജെ.ബി.രാജൻ അസിസ്റ്റന്റ് പ്രൊഫസ്സറായി മൂന്ന് വർഷം പൂർത്തിയായ 02.06.2017 മുതൽക്കും ഡോ.എബി ജോർജ്ജ് 10.06.2017 മുതൽക്കും pay band of Rs.37400-67000 with AGP 9000 നൽകി അസോസിയേറ്റ് പ്രൊഫസ്സറായി, ആയത് പ്രകാരം തുടർന്ന് വരുന്നു.

പ്രൊഫസ്സർ തസ്തികയിലേക്ക് പ്രൊമോഷൻ യഥാക്രമം 02.06.2020 മുതലും 10.06.2020 മുതലും പ്രൊമോഷൻ ആവശ്യപ്പെട്ട് ഡോ.ജെ.ബി.രാജനും ഡോ.എബി ജോർജ്ജും അപേക്ഷ നൽകിയിട്ടുണ്ട്

G.O(P) No.58/2010H.Edn dated 27.03.2010 (revision of pay of UGC staff)para 6.1.13 പ്രകാരം Associate Professor completing 3 years of service in the AGP of Rs.9000 and possessing a PhD in the relevant discipline shall be eligible to be appointed and designated as Professor, subject to other conditions of academic performance as laid down by the UGC and if any by the University. No teacher other than those with a PhD shall be promoted, appointed or designated as Professor.The Pay band for the Professors shall be Rs.37400-67000 with AGP 10000.

ഡോ.ജെ.ബി.രാജനും ഡോ.എബി ജോർജ്ജും യഥാക്രമം 01.06.2020 ലും 09.06.2020 ലും അസോസിയേറ്റ് പ്രൊഫസ്സർ തസ്തികയിൽ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റൊരു അസോസിയേറ്റ് പ്രൊഫസ്സറായ ഡോ.പീറ്റർ.എം.രാജ് ന്റെ സമാനമായ അപേക്ഷ 11.03.2020 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവന വ്യവസ്ഥ, പ്രൊമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR)പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോളിസി രൂപീകരിക്കുന്നതിനനുസൃതമായി ടി വിഷയത്തിന്റെ നടപടികൾ പൂർത്തീകരിക്കുവാൻ കിലയുടെ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**ഈ സാഹചര്യത്തിൽ ഡോ.ജെ.ബി.രാജന്റെയും ഡോ.എബി ജോർജ്ജിന്റെയും അപേക്ഷയിൻമേൽ ഉത്തരവിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

പ്രൊഫസർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ സമർപ്പിച്ച അപേക്ഷ HR പോളിസി ലഭ്യമാകുന്നത് പ്രകാരം പരിഗണിക്കുവാൻ തീരുമാനിച്ചു. കേരള ലോക്കൽഗവൺമെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ : 12

**കില ജീവനക്കാരനായ ശ്രീ. ടി.എ സന്തോഷിന് ഇൻക്രിമെന്റും ഗ്രേഡും അനുവദിച്ചത് - സംബന്ധിച്ച്**

25/03/1997 - ൽ കിലയിൽ ഖലാസി തസ്തികയിൽ സ്ഥിരം ജീവനക്കാരനായി ജോലിയിൽ പ്രവേശിച്ച ശ്രീ. ടി. എ സന്തോഷ് ഇപ്പോൾ കെയർ ടേക്കർ തസ്തികയിൽ ജോലി ചെയ്തുവരികയാണ്.

ശ്രീ. സന്തോഷ് 1.7.2000 ന് പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കില ഡയറക്ടറുടെ അനുമതി തേടുകയും കിലയുടെ മെമ്മോറാണ്ടവും ബൈലോയും അനുസരിച്ച് കില ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതിനോ പ്രാദേശിക ഭരണകൂടത്തിന്റെ പ്രവർത്തകരാകുന്നതിനോ തടസ്സമില്ലാത്തതിനാൽ ടിയാന് കില ഡയറക്ടർ No Objection സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിരുന്നു. ശ്രീ. സന്തോഷ് തെരഞ്ഞെടുപ്പിൽ മത്സരിച്ച് പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആയതിനെത്തുടർന്ന് ടിയാന് 4.10.2000 മുതൽ അഞ്ച് വർഷത്തേക്ക് ശമ്പളവും അലവൻസും ഇല്ലാതെ കിലയുടെ ബൈലോ 3 (2) പ്രകാരം അവധി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. 17.11.2000 ൽ ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കില ഡയറക്ടറുടെ നടപടി ക്രമവല്ക്കരിക്കുകയും ക്കുകയും ചെയ്തിട്ടുണ്ട്. പ്രസിഡണ്ടായി അഞ്ച് വർഷത്തെ സേവന കാലാവധി പൂർത്തീകരിച്ചതിനെ തുടർന്ന് 15-7-2005 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിച്ചു

G.O.(P) 28/98/G.Edn. Dated 16.1.1998, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ അലവൻസില്ലാതെ പ്രത്യേക അവധി അനുവദിക്കണമെന്നും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കുമെന്നും ആയത് G.O (MS) 142/99/Co.op dated 28.9.1999 സർക്കാർ ഉത്തരവുകൾ പ്രകാരം സഹകരണം വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. സന്തോഷിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി പ്രവർത്തിച്ച കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കണമെന്ന് അപേക്ഷിച്ചതിനെത്തുടർന്ന് 14.3.2007 ന് ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ ടിയാന്റെ അപേക്ഷ അംഗീകരിച്ചു. ശ്രീ. സന്തോഷിന് പറപ്പൂക്കര പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലയളവിൽ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും നൽകുവാൻ 26/06/2012 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ യോഗം

തീരുമാനമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി യാന് ആനുകൂല്യം അനുവദിച്ച് നൽകി.

ശ്രീ. സന്തോഷിന് വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡുകളും അനുവദിക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭിച്ചിട്ടില്ല എന്ന് 2009-10 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് 23.11.2012 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ശ്രീ. സന്തോഷിന് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും വഴി അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കാനും നിർദ്ദേശിച്ചു.

ജനറൽ കൗൺസിലിന്റെ അംഗീകാര പ്രകാരം നൽകിയ തുക തിരിച്ചുപിടിക്കരുതെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ശ്രീ. സന്തോഷിന്റെ 26/12/2012 തീയതിയിലെ അപേക്ഷ കില ഡയറക്ടർ മുഖാന്തിരം 31/12/2012 ന് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാന് നൽകിയ തുക സംബന്ധിച്ച വിശദാംശം സർക്കാരിലേക്ക് നിർദ്ദേശിച്ചതിനെത്തുടർന്ന് 11.8.2013 ലെ കില ഡയറക്ടറുടെ കത്ത് മുഖാന്തിരം ഏകദേശം 1.6 ലക്ഷം രൂപ ഉണ്ടെന്നറിയിക്കുകയും ചെയ്തു.

ജനറൽ കൗൺസിലിന്റെ തീരുമാന പ്രകാരം അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും പ്രകാരം കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിനെതിരെ ശ്രീ. സന്തോഷ് ടി എ ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി (Case No.WP (C) No. 16952/2013). 14.08.2018 ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ പെറ്റീഷണറുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം, അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ ബന്ധപ്പെട്ട അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ് എന്ന് പ്രത്യേകം പ്രസ്താവിച്ചിരിന്നു .

കിലയുടെ അഭിപ്രായം ശേഖരിച്ചിട്ടും ശ്രീ. സന്തോഷിനെ നേരിൽ കേൾക്കുയുണ്ടായിട്ടും ടിയാന് നൽകിയ തുക തിരിച്ചുപിടിക്കാനായിട്ടുള്ള ഉത്തരവാണ് 13.05.2020 തീയതിയിലെ സർക്കാർ ഉത്തരവ് നം (എംഎസ്) നമ്പർ 75/2020/തസ്വഭവ പ്രകാരം കിലക്ക് ലഭ്യമായിട്ടുള്ളത്. തുടർന്ന് ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചുപിടിക്കുന്നതിനെതിരെ ശ്രീ. സന്തോഷ് ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിൽ (WP(C) No.13170/2020(U) dt.4/8/2020) തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

കിലയുടെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കൌൺസിലിന്റേയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കില ജനറൽ കൌൺസിന്റേയും അംഗീകാരത്തോടെ അനുവദിച്ച് നൽകിയ ആനുകൂല്യം തിരിച്ച് പിടിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പുനപരിശോധിക്കുന്നതിനായി ശ്രീ.സന്തോഷ് ടി. എ യുടെ അപേക്ഷ പ്രകാരം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്ന **അനുബന്ധം (10)**

**തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ കാര്യശേഷി വികസനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമായ കിലയിലെ ഖലാസി തസ്തികയിൽ ജോലിചെയ്യുവരികെ(2000-2005 കാലഘട്ടത്തിൽ) ശ്രീ. സന്തോഷ് ടി. എ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടതും തുടർന്ന് അദ്ദേഹം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ടായി അഞ്ച് വർഷക്കാലം ചുമതല നിർവ്വഹിച്ചിട്ടുള്ളതും കിലക്ക് എന്നും അഭിമാനാർഹമാണ് .കില എക്സിക്യൂട്ടീവ് കൌൺസിലിന്റേയും കില ജനറൽ കൌൺസിന്റേയും അംഗീകാരത്തോടെ അനുവദിച്ച് നൽകിയ ആനുകൂല്യം തിരിച്ച് പിടിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പുനപരിശോധിക്കുന്നതിനായി ശ്രീ. സന്തോഷ് ടി. എ സമർപ്പിച്ച അപേക്ഷ തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

<u>തീരുമാനം</u>

കില ജീവനക്കാരനായ ശ്രീ. ടി. എ. സന്തോഷിന് അനുവദിച്ച് നൽകിയ ആനുകൂല്യം സംബന്ധിച്ച വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി പരിശോധിക്കുകയും ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതി വിധി വരുന്ന മുറക്ക് തുടർനടപടികൾക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

യോഗം വൈകിട്ട് 6.20 ന് അവസാനിച്ചു

ചെയർമാൻ
എക്സിക്യൂട്ടീവ് കമ്മറ്റി